**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2794** | **22-01-2021 - ൽ മറുപടിയ്ക്ക്**

**ജലനിധി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. കെ. എസ്. ശബരീനാഥൻ,<br>ശ്രീ. വി .എസ്. ശിവകുമാർ,<br>ശ്രീ. വി. ടി. ബൽറാം | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കാനേഷുമാരി കണക്ക് പ്രകാരം മുപ്പത് ശതമാനം കുടുംബങ്ങൾക്ക് മാത്രമാണ് പൈപ്പ് വെള്ളം ലഭ്യമാകുന്നത് എന്നും അത് അൻപത് ശതമാനമായി ഉയർത്തുമെന്നും പ്രഖ്യാപിച്ചിരുന്നോ; പ്രസ്തുത പ്രഖ്യാപനം പ്രാവർത്തികമാക്കുവാൻ സാധിച്ചോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | (എ) | കേരളത്തിൽ നിലവിലുള്ള 67.15 ലക്ഷം ഗ്രാമീണ ഭവനങ്ങളിൽ 1/4/2020 വരെ 17.5 ലക്ഷം കണക്ഷനുകൾ നൽകിയിട്ടുണ്ട്. കൂടാതെ 2012 - 19 കാലയളവിൽ ജലനിധി രണ്ടാം ഘട്ട പദ്ധതി പ്രകാരം 2.54 ലക്ഷം കുടുംബങ്ങൾക്ക് കുടിവെള്ളം നൽകിയിട്ടുണ്ട് . മാത്രവുമല്ല സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലുള്ള എല്ലാ വീടുകളിലും 2024-ഓടു കൂടി കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനായുള്ള പദ്ധതിയായ ജല ജീവൻ മിഷൻ, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായാണ് നടപ്പിലാക്കുന്നത്. ഗ്രാമീണ മേഖലയിലെ പാവപ്പെട്ട ജനങ്ങൾക്ക് പ്രത്യേകിച്ച് SC/ST കോളനികളിലെ കുടുംബങ്ങൾക്കും, സ്ത്രീകൾക്കും, ഉയർന്ന മലയോര മേഖലയിൽ താമസിക്കുന്നവർക്കും, ശുദ്ധമായ കുടിവെള്ളം ഇനിയും ലഭിക്കാത്ത കുടുംബങ്ങൾക്കും ഏറെ പ്രയോജനം ലഭിക്കുന്ന പ്രസ്തുത പദ്ധതി മുഖേന ബാക്കി 49.65 ലക്ഷം കണക്ഷനുകൾ 2024നകം നൽകുന്ന തരത്തിൽ സർക്കാർ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട് . |
| (ബി) | ഈ ലക്ഷ്യം കൈവരിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; | (ബി) | കേരളത്തിൽ നിലവിലുള്ള 67.15 ലക്ഷം ഗ്രാമീണ ഭവനങ്ങളിൽ 1/4/2020 വരെ 17.5 ലക്ഷം കണക്ഷനുകൾ നൽകിയിട്ടുണ്ട്. കൂടാതെ 2012 - 19 കാലയളവിൽ ജലനിധി രണ്ടാം ഘട്ട പദ്ധതി പ്രകാരം 2.54 ലക്ഷം കുടുംബങ്ങൾക്ക് കുടിവെള്ളം നൽകിയിട്ടുണ്ട് . മാത്രവുമല്ല സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലുള്ള എല്ലാ വീടുകളിലും 2024-ഓടു കൂടി കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനായുള്ള പദ്ധതിയായ ജല ജീവൻ മിഷൻ, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായാണ് നടപ്പിലാക്കുന്നത്. ഗ്രാമീണ മേഖലയിലെ പാവപ്പെട്ട ജനങ്ങൾക്ക് പ്രത്യേകിച്ച് SC/ST കോളനികളിലെ |

| | | | |
|---|---|---|---|
| | | | കുടുംബങ്ങൾക്കും, സ്ത്രീകൾക്കും, ഉയർന്ന മലയോര മേഖലയിൽ താമസിക്കുന്നവർക്കും, ശുദ്ധമായ കുടിവെള്ളം ഇനിയും ലഭിക്കാത്ത കുടുംബങ്ങൾക്കും ഏറെ പ്രയോജനം ലഭിക്കുന്ന പ്രസ്തുത പദ്ധതി മുഖേന ബാക്കി 49.65 ലക്ഷം കണക്ഷനുകൾ 2024നകം നൽകുന്ന തരത്തിൽ സർക്കാർ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട് . |
| (സി) | ജലനിധി പദ്ധതി പ്രകാരം ഇതിനകം എത്ര പദ്ധതികൾ പൂർത്തിയായിയെന്ന് അറിയിക്കാമോ; | (സി) | 2000-2008 കാലയളവിൽ നടപ്പിലാക്കിയ ജലനിധി ഒന്നാം ഘട്ട പദ്ധതി പ്രകാരം 3710 കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചു. 2012-19 കാലയളവിൽ നടപ്പിലാക്കിയ ജലനിധി രണ്ടാം ഘട്ട പദ്ധതി പ്രകാരം 2173 പദ്ധതികൾ നാളിതുവരെ പൂർത്തീകരിച്ചു. |
| (ഡി) | ജലനിധി പദ്ധതികളുടെ നിർവ്വഹണ നടത്തിപ്പ് പുനരവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ അതിനായി എന്ത് പദ്ധതിക്കാണ് രൂപം നൽകിയതെന്ന് വിശദമാക്കുമോ? | (ഡി) | ജലനിധി പദ്ധതി നിയമാവലി അനുസരിച്ച് കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണത്തിന് ശേഷം പദ്ധതികളുടെ തുടർനടത്തിപ്പും പരിപാലനവും പൂർണ്ണമായും അതാത് ഗുണഭോക്തൃസമിതികൾക്കാണ്. വിവിധങ്ങളായ കാരണങ്ങളാൽ ചില പദ്ധതികൾ ഭാഗികമായോ പൂർണ്ണമായോ പ്രവർത്തന രഹിതമായിട്ടുണ്ട് എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അവ പ്രവർത്തന ക്ഷമമാക്കുന്നതിനായി 2018-ൽ സംസ്ഥാന സർക്കാർ "സുസ്ഥിരതാ പദ്ധതി" എന്ന ഒരു പദ്ധതിയ്ക്ക് രൂപം നൽകിയിരുന്നു. ഈ സുസ്ഥിരതാ പദ്ധതിയിൽ ഉൾപ്പെടുത്തി 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ 1300 കുടിവെള്ള പദ്ധതികൾ പുനരുദ്ധരിക്കുന്നതിനു വേണ്ടി 85 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയിൽ 190 കുടിവെള്ള പദ്ധതികൾ പ്രവർത്തന യോഗ്യമാക്കിയിട്ടുണ്ട്. ബാക്കിയുള്ള പദ്ധതികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ